പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1725 — 06.03.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി ബസ്സുകളിലെ സൗജന്യ നിരക്കിലും കൺസഷൻ നിരക്കിലും ഉള്ള യാത്ര

ചോദ്യം

ശ്രീ. മഞ്ഞളാംകുഴി അലി

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി ബസ്സുകളിൽ നിലവിൽ ഏതെല്ലാം വിഭാഗം യാത്രക്കാർക്കാണ് സൗജന്യ നിരക്കിലും കൺസഷൻ നിരക്കിലും യാത്ര ചെയ്യുന്നതിന് അനുമതി നൽകിയിട്ടുള്ളത് ; | (എ) | സ്വാതന്ത്ര്യസമര സേനാനികൾക്കും അവരുടെ വിധവകൾക്കും, അന്ധർ, സ്റ്റാന്റിംഗ് കൗൺസിൽ ലീഗൽ അഡ്വൈസറും (സംസ്ഥാനതലം), സ്റ്റാന്റിംഗ് കൗൺസിൽ (ജില്ലാതലം), എം.എൽ.എ മാർ - മുൻ എം.എൽ.എ മാർ, എം.പി.മാർ - മുൻ എം.പി.മാർ, അർജ്ജുന-ദ്രോണാചാര്യ അവാർഡ് ജേതാക്കൾ, കബീർ പുരസ്കാര ജേതാക്കൾ, ഭരണസമിതി അംഗങ്ങൾ - മുൻ ഭരണസമിതി അംഗങ്ങൾ, അംഗീകൃതട്രേഡ് യൂണിയനുകളുടെ പ്രസിഡന്റിനും, ജനറൽ സെക്രട്ടറിക്കും, പ്ലസ്ടു തലം വരെയുള്ള വിദ്യാർത്ഥികൾക്കും സൗജന്യയാത്ര അനുവദിച്ചിട്ടുണ്ട്. സ്ഥിരം -താൽക്കാലിക ജീവനക്കാർക്കും പെൻഷൻകാർക്കും നിബന്ധനകൾക്ക് വിധേയമായും സൗജന്യ യാത്ര അനുവദിച്ചിട്ടുണ്ട്. അംഗപരിമിതർ, ബധിര-മൂകർ, മാനസികവൈകല്യം ബാധിച്ചവർ, (അവരെ അനുഗമിക്കുന്ന ഒരാൾ), ക്യാൻസർ രോഗം ബാധിച്ചവർ, ഉപരിപഠനത്തിൽ ഏർപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾ എന്നിവർക്ക് കൺസഷൻ നിരക്കിൽ യാത്ര അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഇത്തരം സൗജന്യയാത്രകൾ കെ.എസ്.ആർ.ടി.സി യുടെ സാമ്പത്തിക സ്ഥിതിയെ എത്രമാത്രം പ്രതികൂലമായി ബാധിക്കുന്നുണ്ടെന്നത് വിലയിരുത്തിയിട്ടുണ്ടോ ; | (ബി) | വിലയിരുത്തിയിട്ടുണ്ട്. 2015-16 വർഷത്തിൽ വിദ്യാർത്ഥികൾ ഒഴികെ മറ്റു വിഭാഗങ്ങൾക്ക് 12079.79 ലക്ഷം രൂപയുടെ യാത്രാസൗജന്യങ്ങൾ കെ.എസ്.ആർ.ടി.സി അനുവദിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് കൺസഷൻ നിരക്കിൽ യാത്ര ചെയ്യുവാൻ |

| | | | |
|---|---|---|---|
| | | | അനുമതി നൽകുന്നതിലൂടെ കെ.എസ്.ആർ.ടി.സി ഒരു വർഷം ശരാശരി 105 കോടി രൂപയുടെ സൗജന്യം അനുവദിക്കുന്നുണ്ട്. |
| (സി) | ഇത്തരം സൗജന്യ -കൺസഷൻ യാത്രകൾ നിയന്ത്രിക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**